മുസ്ലീങ്ങൾ	—	48
പട്ടികജാതിക്കാർ	—	18
നാടാർ	—	25
വിശ്വകർമ്മർ	—	12
മറ്റുള്ളവർ	—	22
ആകെ		299

കേരളാ മിനറൽസ് ആൻഡ് മെറ്റൽസിലെ ജീവനക്കാർ

681. [954] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മിനറൽസ് ആൻഡ് മെറ്റൽസിൽ ഇപ്പോൾ ഉള്ള മൊത്തം ജീവനക്കാർ എത്ര ; അവരിൽ സ്ത്രീകൾ എത്ര ; പട്ടിക ജാതിക്കാർ എത്ര ;

(ബി) പട്ടികജാതിക്കാരിലും സ്ത്രീകളിലും ക്ലാസ്—1, ക്ലാസ്—2, ക്ലാസ്—3, ക്ലാസ്—4 എന്നീ ഓരോ വിഭാഗത്തിലും പെട്ടവർ എത്രവീതം ;

(സി) അവിടെ ഹരിജനങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൊത്തം ജീവനക്കാർ — 1172
സ്ത്രീകൾ — 30
പട്ടികജാതി-പട്ടികവർഗ്ഗക്കാർ — 114

(ബി) ക്ലാസ്-1-ം ക്ലാസ്-2-ം വിഭാഗത്തിൽ പട്ടികജാതിക്കാർ ആരും ഇല്ല. ക്ലാസ്-3 വിഭാഗത്തിൽ 26 പേരും ക്ലാസ്-4 വിഭാഗത്തിൽ 79 പേരും പട്ടികജാതിയിൽപ്പെട്ടവരായുണ്ട്. കൂടാതെ ക്ലാസ്-1 വിഭാഗത്തിൽ ഒരാളും, ക്ലാസ്-4 വിഭാഗത്തിൽ 9 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ടവരായുണ്ട്. സ്ത്രീകളിൽ ക്ലാസ്-1 വിഭാഗത്തിൽ ഒരാളും, ക്ലാസ്-3 വിഭാഗത്തിൽ 32 പേരും, ക്ലാസ്-4 വിഭാഗത്തിൽ 6 പേരും ഉണ്ട്.

(സി, ഡി) മൊത്തം ജീവനക്കാരിൽ (1172) പട്ടികജാതിയിൽപ്പെട്ടവർ 105 പേരാണ്. ഇത് 8 ശതമാനത്തിൽ കൂടുതലാണ്. എന്നാൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 2 ശതമാനം പ്രാതിനിധ്യം ഇല്ല. പട്ടികവർഗ്ഗക്കാരിൽനിന്ന് യോഗ്യതയുള്ള അപേക്ഷകരുടെ അഭാവം മൂലമാണ്. മതിയായ പ്രാതിനിധ്യം കമ്പനിയിൽ അവർക്ക് നൽകാൻ കഴിയാത്തത്.

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ

682. [955] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly